ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ

ഗവൺമെന്റ് സ്കൂളുകൾ	ഇല്ല
എയ്ഡഡ് സ്കൂളുകൾ	19
അൺ എയ്ഡഡ് സ്കൂളുകൾ	353
സി.ബി.എസ്.ഇ സ്കൂളുകൾ	396
ഐ.സി.എസ്.ഇ സ്കൂളുകൾ	75

(ബി) 21 സർക്കാർ സ്കൂളുകൾ പൂട്ടിയിട്ടുണ്ട്. പുതുതായി അൺ എയ്ഡഡ് സ്കൂളുകൾ ഒന്നും അനുവദിച്ചിട്ടില്ല. എയ്ഡഡ് മേഖലയിൽ 10 സ്കൂളുകൾ അനുവദിച്ചു.

(സി) വിവരം ശേഖരിച്ച് ഉടനെ നൽകുന്നതാണ്.

എയ്ഡഡ് സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ തുടങ്ങുന്നതിന് അനുമതി

83 (680) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പുതുതായി എയ്ഡഡ് സ്കൂളുകളിൽ 1, 5, 8 എന്നീ ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ തുടങ്ങുന്നതിന് അനുമതി നൽകിയോ ;

(ബി) ഈ ഉത്തരവ് പ്രകാരം ഈ വർഷം തന്നെ സ്കൂളുകളിൽ ക്ലാസ്സ് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(സി) അഞ്ച്, എട്ട് എന്നീ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിലേക്ക് യഥാക്രമം 4-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും മലയാളം മീഡിയത്തിൽ പഠിച്ച കുട്ടികൾക്ക് അഡ്മിഷൻ നൽകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുമതി നൽകി

(ബി) ഉണ്ട്.

(സി) അഡ്മിഷൻ അനുവദിക്കുന്നതാണ്.

അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

84 (681) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അവയിലെ കോഴ്സുകൾ, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം എന്നിവയുടെയും ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly